അർബൻ 2020

73 (5421) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയെ അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആറ്റിങ്ങൽ നഗരസഭയിൽ നിന്നും ഏതെല്ലാം പദ്ധതികളാണ് അർബൻ 2020-ലേക്ക് ഉൾപ്പെടുത്തുവാൻ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) അർബൻ 2020 പ്രകാരമുള്ള പ്രോജക്ടുകൾ എന്നുമുതലാണ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സമർപ്പിച്ച ചില പദ്ധതികൾ അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അർബൻ 2020 പദ്ധതിയിൻകീഴിൽ ഡി.പി.ആർ.-കൾ തയ്യാറാക്കി നൽകുന്നതിനായി ആറ്റിങ്ങൽ നഗരസഭ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് നെറ്റ് വർക്ക്
2. ഡീസെൻട്രലൈസ്ഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്സ് ആന്റ് നെറ്റ് വർക്ക്
3. ബൈപാസ് റോഡ് ഫോർ എൻ.എച്ച്.

(സി) അർബൻ 2020 പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകാരം നൽകുന്ന പ്രോജക്ടുകളുടെ ഡി.പി.ആർ.-കൾ നഗരസഭകൾ തന്നെ തെരഞ്ഞെടുക്കുന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായമാണ് പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ നൽകാൻ ഉദ്ദേശിക്കുന്നത്. കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖേന ഇപ്രകാരം നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് നഗരസഭയും കൺസൾട്ടൻസി സ്ഥാപനവും പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.-യും തമ്മിൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതു മുതൽക്കാണ് ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രാബല്യത്തിൽ വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly